ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവി (foreign money transfer service operator (MTSO)-ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO) നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം.

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരാണ് തീരുമാനിക്കേണ്ടത്. പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നോർക്കയും പ്രവാസി മലയാളികളും

117 (1553) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്രയാണെന്നാണ് നിലവിൽ നോർക്ക വിലയിരുത്തിയിട്ടുള്ളത് ;

(ബി) ഇവർ ഒരു വർഷം ശരാശരി കേരളത്തിലേക്ക് അയയ്ക്കുന്നത് എത്ര കോടി രൂപയാണെന്ന് നോർക്ക വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് എവിടെയാണ് ; നിതാഖത്ത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര ;

(ഡി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല, താലൂക്ക് ഇവ ഏതൊക്കെയാണ് ;

(ഇ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ എത്ര മലയാളി പ്രവാസികൾ ജയിലിൽ കഴിയുന്നുവെന്നാണ് നോർക്ക മനസ്സിലാക്കുന്നത് ; ഇവരെ നാട്ടിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; ഇപ്രകാരം ഈ സർക്കാർ വന്നതിനുശേഷം എത്രപേരെ നാട്ടിലെത്തിച്ചു ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശരാജ്യങ്ങളിൽ 1625653 കേരളീയർ താമസിക്കുന്നതായും അതിൽ 1426853 പേർ വിദേശത്ത് തൊഴിൽ ചെയ്യുന്നതായും കണക്കാക്കിയിട്ടുണ്ട്.

(ബി) വിദേശ മലയാളികൾ കേരളത്തിലേക്ക് അയയ്ക്കുന്ന തുകയുടെ ശരാശരി കണക്ക് ലഭ്യമല്ല. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 2014 ജൂൺ മാസം വരെ 94000 കോടി രൂപ കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശ മലയാളികളിൽ നിന്നുള്ള ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

(സി) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ യു.എ.ഇ.-യിലാണ് ജോലി ചെയ്യുന്നത് (507087), സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ എണ്ണം 421313 ആണ്.

(ഡി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല മലപ്പുറം. താലൂക്കു തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ഇ) വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര കേരളീയർ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. ഗൾഫ് രാജ്യങ്ങളിലേയും മലേഷ്യയിലേയും ഇന്ത്യൻ സ്ഥാനപതികളോട് ലഭ്യമായ വിവരം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽനിന്നോ വ്യക്തികളിൽനിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അവരുടെ മോചനത്തിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാദ്ധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസിയുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിന് പ്രവാസി ലീഗൽ അസിസ്റ്റൻസ് എന്ന പദ്ധതി

നിലവിലുണ്ട്. ഇതിനുപുറമേ തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് സ്വപ്ന സാഫല്യം പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 94 പേരെ നാട്ടിൽ തിരികെയത്തിച്ചിട്ടുണ്ട്.

മിഷൻ 676-പ്രവാസി ക്ഷേമ പദ്ധതികൾ

118 (1554) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; വിശദവിവരം നൽകാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മടങ്ങിവന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ച് 100 ദിവസത്തിനുള്ളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 50 സംരംഭകർക്കെങ്കിലും മൂലധന-പലിശ സബ്സിഡികളോടെ വായ്പ നൽകൽ. തുടർന്ന് ജില്ലകളിൽ ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ സംഘടിപ്പിച്ച്, സംരംഭകർക്ക് പരിശീലനം നൽകി, അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ പദ്ധതി നടപ്പിലാക്കൽ.

LIBRARY ARCHIVES Kerala Legislative Assembly